സി.ബി.(1)29936/08

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി: 18-08-2008.

# സർക്കുലർ നമ്പർ 61/08

വിഷയം : സഹകരണം - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന മംഗല്യ സൂത്ര വായ്പകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാ വേളയിൽ 2-7-2008 തീയതി ബഹു. സഹകരണ വകുപ്പ് മന്ത്രി നിയമസഭയിൽ നടത്തിയ പ്രഖ്യാപനം
2. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-7-2008-ന് കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ ബോർഡ് റൂമിൽ കൂടിയ ഉന്നതതലയോഗം - തീരുമാനം
3. 22-7-2008-ന് ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് മംഗല്യസൂത്ര വായ്പകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചാവേളയിൽ ബഹു.സഹകരണ വകുപ്പ് മന്ത്രി കേരള നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. സൂചന 2 പ്രകാരം കൂടിയ യോഗത്തിൽ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 60000 വായ്പകൾ 2008-09 വർഷം വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/മറ്റ് സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മംഗല്യ സൂത്ര വായ്പകൾ വിവാഹ ആവശ്യത്തിനോ, വിവാഹം കഴിഞ്ഞ നവദമ്പതികൾക്ക് വരുമാന വർദ്ധനവിന്/ ഉപജീവനമാർഗ്ഗത്തിന് ഉപകരിക്കുന്നതിന് പച്ചക്കറി കൃഷി ചെയ്യുന്നതിന് കാർഷിക വായ്പയായോ നൽകാൻ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സൂചന 3 പ്രകാരം കൂടിയ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും ഇത്തരം വായ്പകൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്തും സഹകരണ പ്രസ്ഥാനത്തിന്റെ സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്തും പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് താഴെപറയുന്ന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേന നിർദ്ധന കുടുംബങ്ങളിലെ പെൺ കുട്ടികളുടെ വിവാഹ ആവശ്യത്തിന് 4% പലിശ നിരക്കിൽ മംഗല്യ സൂത്ര വായ്പകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നു. മംഗല്യ സൂത്ര വായ്പകൾ വിവാഹ ആവശ്യത്തിനോ, വിവാഹ ശേഷം നവദമ്പതികൾക്ക് കാർഷിക മേഖലയിൽ വരുമാന വർദ്ധനവിന്/ ഉപജീവന മാർഗ്ഗത്തിന് ഉപകരിക്കത്തക്കവിധം പച്ചക്കറി,വാഴ, മരച്ചീനി, നെല്ല് എന്നിവ കൃഷി ചെയ്യുന്നതിന് ഹ്രസ്വകാല കാർഷിക വായ്പയോ ആയി നൽകേണ്ടതാണ്. എംപ്ലോയീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിവാഹാവശ്യത്തിനുമാത്രം മംഗല്യസൂത്ര വായ്പകൾ വിതരണം ചെയ്താൽ മതിയാകുന്നതാണ്. ഹ്രസ്വകാല കാർഷിക ആവശ്യത്തിന് വിതരണം ചെയ്യുന്ന മംഗല്യസൂത്ര - കാർഷിക വായ്പകൾ നബാർഡ് പുനർവായ്പാ പരിധിയിൽ ഉൾപ്പെടുത്താവുന്നതും സംഘങ്ങൾ/ ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും 4% നിരക്കിൽ കാർഷികാവശ്യത്തിന് വിതരണം ചെയ്യുന്ന ഇത്തരം മംഗല്യസൂത്ര വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ നബാർഡ് മുഖേനയുള്ള 2% പലിശ ഇളവ് (Interest Subvention) പ്രയോജന പ്പെടുത്താവുന്നതുമാണ്. മംഗല്യസൂത്ര വായ്പകൾ പരാമവധി 25,000/- രൂപ വരെ അനുവദിക്കാവുന്നതും കൃഷി വായ്പയാണ് നൽകുന്നതെങ്കിൽ നവദമ്പതികളിൽ ആരെങ്കിലും ഒരാൾ അപേക്ഷിച്ചാൽ മതിയാവുന്നതുമാണ്.

2008-09 വർഷം ചുവടെ പരാമർശിക്കുന്ന എണ്ണം മംഗല്യ സൂത്ര വായ്പകൾ സഹകരണ മേഖല വഴി നൽകുന്നതിനും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| | | ഓരോ സംഘവും ഒരു വർഷം നൽകേണ്ട വായ്പയുടെ മിനിമം എണ്ണം |
|---|---|---|
| 1 | പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ | 20 എണ്ണം |
| 2 | ജീവനക്കാരുടെ സംഘങ്ങൾ (നിർദ്ധനരായ ബന്ധുക്കളുടെ പെൺമക്കളുടെ വിവാഹ ആവശ്യ ത്തിന് നൽകാവുന്നതാണ്) | 10 എണ്ണം |
| 3 | അർബൻ ബാങ്കുകൾ | 20 |
| 4 | ജില്ലാ ബാങ്ക് ശാഖകൾ(ഹെഡ് ഓഫീസ് അടക്കം) | 10 |

| | | |
|---|---|---|
| 5 | സംസ്ഥാന സഹകരണ ബാങ്ക് ശാഖകൾ | 20 |
| 6 | സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ശാഖ | 100 |
| 7 | മറ്റ് കാർഷികേതര സംഘങ്ങൾ | 15 |
| 8 | വനിതാ സംഘങ്ങൾ | 10 |
| 9 | കാർഷിക വികസന ബാങ്കുകൾ | 20 |

ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചുള്ള മാതൃകാ നിബന്ധനയും അപേക്ഷാഫോറവും ഇതോടൊപ്പം അടക്കം ചെയ്യുന്നു.

ജോയിൻറ് രജിസ്ട്രാർമാർ/അസിസ്റ്റൻറ് രജിസ്ട്രാർമാർ തങ്ങളുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയും മുകളിൽ പരാമർശിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമവികസനബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ഓഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/ സംസ്ഥാന സഹകരണ ബാങ്ക്
6. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹ.സംഘങ്ങൾ/ബാങ്കുകൾ((ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
10. ഈ ഓഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

സഹകരണ സംഘം രജിസ്ട്രാർക്ക് വേണ്ടി

# മംഗല്യസൂത്ര വായ്പകൾ

## മാതൃകാ നിബന്ധനകൾ

1. സംഘത്തിലെ/ബാങ്കിലെ അംഗങ്ങളായ നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് മംഗല്യ സൂത്ര വായ്പകൾ, സംഘങ്ങൾ/ബാങ്കുകൾക്ക് നൽകാവുന്നതാണ്. അപ്രകാരം വിവാഹാവശ്യ ത്തിന് വായ്പ ആവശ്യമില്ലാത്തവരായ മേൽ കുടുംബങ്ങളിലെ നവദമ്പതി കൾക്ക് ഉപജീവന മാർഗ്ഗത്തിനായി, കാർഷിക വായ്പകൾ മംഗല്യസൂത്ര വായ്പകൾ-കാർഷികം എന്ന പേരിൽ നൽകാവുന്നതാണ്.

2. നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് വായ്പ എടുക്കുന്നതിന്, പെൺകുട്ടിയുടെ പിതാവ്/മാതാവ്, അല്ലെങ്കിൽ രക്ഷിതാവ് അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

3. എന്നാൽ പെൺകുട്ടിയുടെ വിവാഹാവശ്യത്തിന് വായ്പ ആവശ്യമില്ലാ തിരിയ്ക്കുകയും എന്നാൽ വിവാഹാനന്തരം കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിക്കുന്നതിനായി നവദമ്പതികൾക്ക് കാർഷിക വായ്പയാണ് ആവശ്യമെങ്കിൽ അവർക്ക് മംഗല്യ സൂത്ര-കാർഷിക വായ്പ എന്ന പേരിൽ ഈ വായ്പ ലഭിയ്ക്കുന്നതിന് അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

4. ഇപ്രകാരം നൽകുന്ന "മംഗല്യ സൂത്ര/മംഗല്യ സൂത്ര-കാർഷിക വായ്പ"യുടെ പരമാവധി തുക 25,000/- രൂപയായിരിയ്ക്കും. ഈ വായ്പയുടെ പലിശനിരക്ക് ഇപ്പോൾ 4 % ആയിരിയ്ക്കും.

5. വിവാഹാവശ്യത്തിന് വായ്പയ്ക്കുള്ള അപേക്ഷയോടൊപ്പം വിവാഹിത യാകുന്ന പെൺകുട്ടിയും അപേക്ഷകനും തമ്മിലുള്ള ബന്ധവും, വിവാഹ തീയതിയും രേഖപ്പെടുത്തിയിട്ടുള്ള പ്രതിജ്ഞാപത്രവും നൽകേണ്ടതാണ്. ടി അപേക്ഷ/പ്രതിജ്ഞാപത്രത്തിലെ വിവരങ്ങൾ ശരിയാണെന്ന് ആവശ്യമായ അന്വേഷണം നടത്തി സംഘം/ബാങ്ക് സെക്രട്ടറിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിയ്ക്കണം വായ്പ അനുവദിയ്ക്കേണ്ടത്.

6. വിവാഹത്തിന് 20 ദിവസം മുമ്പെങ്കിലും "മംഗല്യ സൂത്ര വായ്പ" അനുവദിയ്ക്കേണ്ടതാണ്. ഈ വായ്പയുടെ കാലാവധി 3 വർഷമായിരിയ്ക്കും. എന്നാൽ "മംഗല്യ സൂത്ര-കാർഷിക" വായ്പയ്ക്ക്, ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് ബാധകമായിട്ടുള്ള കാലാവധിയാണ് ബാധകമായിരിക്കുക.

7. എന്നാൽ മംഗല്യ സൂത്ര-കാർഷിക വായ്പയ്ക്കുള്ള അപേക്ഷ, നവദമ്പതികളിൽ ആരെങ്കിലും ഒരാൾ, വിവാഹം കഴിഞ്ഞ് 1 മാസത്തിനകം സംഘത്തിൽ സമർപ്പിയ്ക്കേണ്ടതും, ദമ്പതികളിലൊരാളുടെയും, പെൺകുട്ടിയുടെ പിതാവ്/ മാതാവ്/രക്ഷിതാവ് എന്നിവരുടെയും ആൾ ജാമ്യത്തിൽ നൽകാവുന്നതുമാണ്.

8. ആൾ ജാമ്യത്തിൻമേൽ/വസ്തു ജാമ്യത്തിൻമേൽ "മംഗല്യ സൂത്ര/മംഗല്യ സൂത്ര-കാർഷിക വായ്പ" അനുവദിയ്ക്കാവുന്നതാണ്.

9. കാർഷിക ആവശ്യത്തിന് നൽകുന്ന "മംഗല്യ സൂത്ര/മംഗല്യ സൂത്ര-കാർഷിക വായ്പ"കൾ നവദമ്പതികൾക്ക് ഉപജീവന മാർഗ്ഗത്തിനായി മാത്രമാണ് നൽകുന്നതെന്ന് ഉറപ്പാക്കേണ്ടതും, പച്ചക്കറി, വാഴ, മരച്ചീനി, നെല്ല് എന്നി കൃഷികൾക്കായി നിലവിൽ ടി വായ്പകൾക്കുള്ള നിബന്ധനകൾ പ്രകാരം വായ്പകൾ നൽകാവുന്നതുമാണ്.

10. സ്വന്തം ഫണ്ടിൽ നിന്നുള്ള കാർഷിക വായ്പകൾ മേൽ പരാമർശിച്ചിട്ടുള്ള 4% നിരക്കിൽ മാത്രമേ പലിശ ഈടാക്കാവൂ. ടി വായ്പകൾക്ക്, നിലവിൽ നബാർഡ് മുഖേനയുള്ള പലിശയിളവ് (Interest Subvention)-ന് അർഹതയുണ്ടായിരിക്കുന്നതാകയാൽ, സംഘങ്ങൾ ആയതിന് നിയമാനുസൃതം അപേക്ഷകൾ യഥാസമയം ജില്ലാ സഹകരണ ബാങ്കിൽ സമർപ്പിയ്ക്കേണ്ടതാണ്.

11. "മംഗല്യ സൂത്ര/മംഗല്യ സൂത്ര-കാർഷിക വായ്പ"കൾ സമയബന്ധിതമായി നൽകേണ്ടതുള്ളതിനാൽ ഭരണസമിതിയുടെ പ്രത്യേകം അധികാരപ്പെടുത്തിക്കൊണ്ടുള്ള തിരുമാനത്തിന് വിധേയമായി മുഖ്യകാര്യനിർവ്വഹണ ഉദ്യോഗസ്ഥന് ഇത്തരം വായ്പകൾ അനുവദിയ്ക്കാവുന്നതും തുടർന്ന് കൂടുന്ന ഭരണസമിതി യോഗത്തിൽ സാധൂകരണം തേടേണ്ടതുമാണ്.

..............................................സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ..........

..................................................................

## മംഗല്യസൂത്ര വായ്പയ്ക്കുള്ള അപേക്ഷ

1. (എ). അപേക്ഷകൻെറ/രക്ഷകർത്താവിൻെറ പേരും അംഗനമ്പരും :

   (ബി). നിർദ്ധനനായ ബന്ധുവിൻെറ മകളുടെ വിവാഹാവശ്യത്തിനാണെങ്കിൽ (ജീവനക്കാരുടെ സഹകരണ സംഘങ്ങളെ സംബന്ധിച്ച്)

   (i) പെൺകുട്ടിയുടെ പേര് :

   (ii) അച്ഛൻെറ പേര് :

   (iii) വിലാസം

   (iv) അപേക്ഷകനുമായിട്ടുള്ള ബന്ധം:

   (v) വിവാഹതീയതി/സ്ഥലം :

2. പൂർണ്ണമായ മേൽവിലാസം :
3. പഞ്ചായത്ത്/മുൻസിപ്പാലിറ്റി/വാർഡ്/വീട്ടുനമ്പർ:
4. വയസ് :
5. വാർഷിക വരുമാനം :
6. വായ്പയുടെ ആവശ്യം - വിവാഹാവശ്യം/നവദമ്പതികൾക്ക് കാർഷിക ആവശ്യത്തിന് (ആവശ്യമില്ലാത്തവ വെട്ടിക്കളയുക)
7. മകളുടെ പേര് :
8. വരൻെറ പേര്, വിലാസം :
9. വിവാഹതീയതി/സ്ഥലം :
10. ആവശ്യമുള്ള വായ്പതുക (പരമാവധി 25,000/- രൂപ) :
11. അടച്ചിട്ടുള്ള ഓഹരി :
12. വായ്പ കാലാവധി :
13. കാർഷിക ആവശ്യത്തിനാണ് വായ്പയെങ്കിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ വിശദവിവരം
    1. വില്ലേജ് :
    2. സർവ്വേ നമ്പർ :
    3. വിസ്തീർണ്ണം :
14. ജാമ്യക്കാരൻെറ അംഗനമ്പരും, പേരും, മേൽവിലാസവും :

### പ്രതിജ്ഞ

മേൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ എൻെറ അറിവിലും, ഉത്തമ വിശ്വാസത്തിലും സത്യമാണെന്നും ഞാൻ മറ്റ് ഏതെങ്കിലും സഹകരണ ബാങ്കിൽ നിന്നും മംഗല്യ സൂത്ര വായ്പ എടുത്തിട്ടില്ലെന്നും ബാങ്കിൽ നിന്നും വായ്പയായി അനുവദിക്കുന്ന തുക അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നും ഇതിനാൽ ഉറപ്പു ചെയ്തു കൊള്ളുന്നു.

സ്ഥലം: അപേക്ഷകൻെറ പേരും ഒപ്പും

തീയതി:

ജാമ്യക്കാരൻെറ പേരും ഒപ്പും

## ഓഫീസ് ഉപയോഗത്തിന് മാത്രം

ഡയറക്ടർ ബോർഡ് മെമ്പർമാരുടെ/അന്വേഷണ ഉദ്യോഗസ്ഥൻെറ റിപ്പോർട്ട്

അപേക്ഷയിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്നും, നിർദ്ധന കുടുംബാംഗമാണ് യുവതി എന്നും/നവദമ്പതികൾ നിർദ്ധനരാണെന്നും അന്വേഷണത്തിൽ കണ്ടതിനാൽ മംഗല്യസൂത്ര/മംഗല്യസൂത്ര-കാർഷിക വായ്പയ്ക്ക് അർഹത ഉണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഡയറക്ടർ ബോർഡ് മെമ്പർമാർ/അന്വേഷണ ഉദ്യോഗസ്ഥൻ

പേരും, ഒപ്പും

സ്ഥലം :
തീയതി:

### ഡയറക്ടർ ബോർഡ് തീരുമാന വിവരം

1. അപേക്ഷ മംഗല്യ സൂത്ര വായ്പയ്ക്ക് അർഹതപ്പെട്ടതാണ്
2. അനുവദിച്ച വായ്പതുക
3. കടം വീട്ടേണ്ട കാലാവധി
4. ഡയറക്ടർ ബോർഡ് തീരുമാന നമ്പരും തീയതിയും

ഒപ്പ്
പ്രസിഡൻറ്

ഒപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

വായ്പാ നമ്പർ

വായ്പ കൊടുത്ത തീയതി

ക്ലാർക്ക്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ